**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 879** **29-08-2022 - ൽ മറുപടിയ്ക്ക്**

**ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം സമർപ്പിച്ച റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതൊക്കെ റിപ്പോർട്ടുകളിലാണ്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | പട്ടികജാതി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം സമർപ്പിച്ച റിപ്പോർട്ടുകളിൽ 3 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br>1. കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിൽ കൃഷിഭൂമി നൽകിയത് സംബന്ധിച്ച്<br><br>2. എറണാകുളം ജില്ലയിലെ പറവൂർ നഗരസഭയിൽ പട്ടികജാതിക്കാർക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നഗരസഭ ഭൂമി വാങ്ങിയത് സംബന്ധിച്ച്<br><br>3. എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയിൽ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നഗരസഭ നിർമ്മിച്ച പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് ഡോ.ബി.ആർ അംബേദ്കർ-അയ്യങ്കാളി തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഉപയോഗം സംബന്ധിച്ച്<br><br>പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ **അനുബന്ധമായി** ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

D- 40022/22

ഡയറക്ടർ,
പട്ടികജാതി വികസന വകുപ്പ്,
തിരുവനന്തപുരം

സമർപ്പണം

സർ,

വിഷയം: പട്ടികജാതി വികസനം - പറവൂർ നഗരസഭയിൽ പട്ടികജാതിക്കാർക്ക് വ്യവസായ പാർക്ക് ആരംഭിയ്ക്കുന്നതിനായി പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങിയതിലെ അഴിമതി - റിപ്പോർട്ട് നൽകുന്നത് സംബ.

സൂചന: ഡയറക്ടറുടെ 05-04-22-ലെ SCDD/11106/2021/P1(PL)നമ്പർ കത്ത്.

എറണാകുളം ജില്ലയിലെ പറവൂർ നഗരസഭയിൽ പട്ടികജാതിക്കാർക്കായി വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി നഗരസഭ ഭൂമി വാങ്ങിയതിൽ അഴിമതി ആരോപണവുമായി ശ്രീ. സുനിൽ സുകുമാരൻ നിയമസഭാ പെറ്റിഷൻ കമ്മിറ്റിയ്ക്ക് നൽകിയ പരാതിയന്വേഷിച്ചു.

2015-16 സാമ്പത്തിക വർഷം പട്ടികജാതിക്കാർക്ക് വ്യവസായ പാർക്ക് സ്ഥാപിയ്ക്കുന്നതിനായി നഗരസഭ പറവൂർ വില്ലേജിൽ സർവ്വേ നമ്പർ 149/41 A-22-ൽ 31 സെന്റ് ഭൂമി വാങ്ങിയിരുന്നു. സെന്റൊന്നിന് 1,49,000/- രൂപാ നിരക്കിൽ ആകെ 46,19,000/- രൂപാ ചിലവായതായി കാണുന്നു. എന്നാൽ കളക്ടർ 26-03-15-ൽ നടത്തിയ വാല്യുവേഷൻ പ്രകാരം സെന്റൊന്നിന് 1,20,000/- രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളതെന്ന് പരാതിക്കാരൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നഗരസഭ വാങ്ങിയ ടി സ്ഥലം നിലവിൽ കാടുപിടിച്ചുകിടക്കുകയാണ്. ചെറിയ തോതിൽ വെള്ളക്കെട്ടുമുണ്ട്. മൂന്നുവശങ്ങളിൽ തോടിനാൽ ചുറ്റപ്പെട്ടതുമാണ്. വസ്തുവിന്റെ മുൻവശത്തായി ഉദ്ദേശം 3 മീറ്റർ നീളത്തിൽ തോടും അതിന് മുൻപായി ടാറിട്ട റോഡും നിലവിലുണ്ട്. ചുറ്റുവട്ടത്തായി അനേകം വീടുകളും നിലവിൽ സ്ഥിതിചെയ്യുന്നുമുണ്ട്. ടി സ്ഥലത്തിൽ വ്യവസായ പാർക്കോ പട്ടികജാതിക്കാർക്ക് ഗുണം ലഭിയ്ക്കുന്ന മറ്റ് സ്വയം തൊഴിൽ പരിശീലന സ്ഥാപനമോ സ്ഥാപിച്ച് പരിശീലനം നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറിയ്ക്കും നഗരസഭാ പട്ടികജാതി വികസന ഓഫീസർക്കും കത്ത് അയച്ചിട്ടുമുണ്ട്.

ടി സ്ഥലം സംബന്ധിച്ച് വിജിലൻസ് കേസ് നിലവിലുള്ളതായി എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. ജോൺ എന്നയാൾ അവകാശവാദമുന്നയിച്ചിട്ടുള്ളത് വസ്തുവിന്റെ ചെറിയൊരു ഭാഗത്തെമാത്രമാണ്. കളക്ടറേറ്റ്, വില്ലേജ് ഓഫീസ്, മുൻസിപ്പാലിറ്റി തുടങ്ങിയ ഓഫീസുകളുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും അന്തിമ റിപ്പോർട്ട് ആരായുന്നത് ഉചിതമായിരിയ്ക്കുമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം
-07-2022

R- 40023/22

ഡയറക്ടർ,
പട്ടികജാതി വികസന വകുപ്പ്,
തിരുവനന്തപുരം

സമർപ്പണം

സർ,

വിഷയം: പട്ടികജാതി വികസനം - കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിൽ കൃഷിഭൂമി നൽകിയതിലെ ക്രമക്കേട് - റിപ്പോർട്ട് നൽകുന്നത് സംബ.

സൂചന: ഡയറക്ടറുടെ നിർദ്ദേശം.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിൽ കൃഷിഭൂമി നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീ. രാജേഷ് നൽകിയ പരാതിയന്വേഷിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ ശ്രീ. രാജേഷിന് വെട്ടിക്കവല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും കൃഷി ഭൂമി ലഭിച്ചിരുന്നു. കുറഞ്ഞത് 25 സെന്റ് ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഉൾപ്പെടെ 10 ലക്ഷം രൂപവരെയാണ് ധനസഹായം അനുവദനീയമായിട്ടുള്ളത്. ടിയാന് 40 സെന്റ് നിലം 9,26,000/- രൂപയായും 74,300/- രൂപ മുദ്രവിലയായും ഉൾപ്പെടെ 10,00,300/- രൂപയിൽ 10,00,000/- രൂപയായി നിജപ്പെടുത്തി നൽകിയിരുന്നു. ശ്രീ. ജോൺ. റ്റി., മാന്തടത്തിൽ, ഇളമാട് എന്നയാളിൽ നിന്നുമാണ്. ഇളമാട് വില്ലേജിൽ റീ സർവ്വേ 138/12-1 ൽപ്പെട്ട സ്ഥലമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഓയൂർ എസ്.ആർ.ഒ-യിലെ 1008/1/19-ാം നമ്പർ ആധാരം പരിശോധിച്ചതിൽ 9,26,000/- രൂപ വിലയാധാരത്തിന്റെ വിലയർത്ഥമായും 74,300/- രൂപ മുദ്രവില എന്നും രേഖപ്പെടുത്തിക്കാണുന്നു. ഫെയർ വാല്യൂ പ്രകാരം ടി സ്ഥലത്തിന് ആർ ഒന്നിന് 3,630/- രൂപ നിരക്കിൽ 16.19 ആർസിന് 58,770/- രൂപയും, കമ്പോളവില ആർ ഒന്നിന് 5,445/- രൂപ നിരക്കിൽ 16.19 ആർസിന് 88,115/- രൂപയുമാണെന്ന് വില്ലേജാഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി തഹസീൽദാരുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

പരാതിക്കാരനായ ശ്രീ. രജേഷിന് കൃഷിഭൂമിയായി നൽകിയ ഭൂമി നിലവിലെ വിലയനുസരിച്ചുപോലും സെന്റൊന്നിന് 10,000/- രൂപായിൽ താഴയെ വിലവരുകയുള്ളൂ. (സമീപ വാസിയായൊരാൾ അഭിപ്രായപ്പെട്ടത് സെന്റൊന്നിന് 3,000/- രൂപായ്ക്ക് നൽകിയാൽ പോലും നിലവിൽ വാങ്ങാനാളില്ലായെന്നാണ്). ഈ ഭൂമിയാണ് ഏകദേശം 3

വർഷങ്ങൾക്ക് മുൻപ് സെന്റൊന്നിന് 23,150/- രൂപാ ക്രമത്തിൽ 40 സെന്റിന് 9,26,000/- രൂപാ നൽകിയത്. മുദ്രവിലയായി 74,300/- രൂപായും കൂടി ആകെ പരമാവധി തുകയായ 10 ലക്ഷം തികപ്പിയ്ക്കുകയാണുണ്ടായിട്ടുള്ളത്. കുറഞ്ഞത് 25 സെന്റ് വാങ്ങിയാൽ മതിയെന്നിരിക്കെ 40 സെന്റ് സ്ഥലം നൽകിയല്ലോയെന്നാണ് ബന്ധപ്പെട്ടവരുടെ കണക്കുകൂട്ടൽ.

ഗുണഭോക്താവിന് ഭൂമി നൽകിയയാൾക്കാണ് വകുപ്പ് ബാങ്കുവഴി തുക നൽകിവരുന്നത്. ഇവിടെ ഭൂമി നൽകിയ ശ്രീ. ജോണിന്റെ അക്കൗണ്ടിൽ 10 ലക്ഷം രൂപ വന്നതായും, അതിൽ 4 ലക്ഷം രൂപ വസ്തു ഉടമയെടുത്തിട്ട് ബാക്കി തുക ഇടനിലക്കാർക്ക് വസ്തു ഉടമ തിരിച്ചുനൽകിയതായി, വസ്തു ഉടമ തന്നെ പരാതിക്കാരനോട് പറഞ്ഞതായി പരാതിക്കാരൻതന്നെ പരാതിയിൽ പറയുന്നുമുണ്ട്. എന്റെ നേരിട്ടുള്ള അന്വേഷണ സമയത്തും സെന്റൊന്നിന് പതിനായിരം രൂപാക്രമത്തിലാണ് ഭൂമി നൽകിയിട്ടുള്ളതെന്ന് ശ്രീ. ജോൺ അറിയിക്കുകയുമുണ്ടായിട്ടുണ്ട്.

പട്ടികജാതി വികസന ഓഫീസർ, പ്രൊമോട്ടർ, ഇടനിലക്കാരായ രാമദാസൻ, രാജു, ഓയൂർ എസ്. ആർ.ഒ തുടങ്ങിയവരുടെ ഒത്താശയോടെയാണ് ടി ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കാണുന്നു. ഇവർക്കെതിരെ ഉചിതമായ നടപടി കൈക്കൊള്ളണമെന്നഭ്യർത്ഥിക്കുന്നു.

സെക്ഷൻ ഓഫീസർ

E- 4002451/22

ഡയറക്ടർ,
പട്ടികജാതി വികസന വകുപ്പ്,
തിരുവനന്തപുരം

സമർപ്പണം

സർ,

വിഷയം: പട്ടികജാതി വികസനം - ജീവനക്കാര്യം - പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് ഡോ. ബി.ആർ അംബേദ്കർ-അയ്യങ്കാളി തൊഴിൽ പരിശീലന കേന്ദ്രം പൂർണ്ണമായും തൊഴിൽ പരിശീലന കേന്ദ്രമാക്കി മാറ്റണമെന്ന ആവശ്യം - റിപ്പോർട്ട് നൽകുന്നത് സംബ.

സൂചന: പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ 12-08-20-ലെ E-4521466/2020/Min.(SCDD) നമ്പർ കത്ത്.

എറണാകുളം ജില്ലയിലെ തൃക്കാക്കര മുൻസിപ്പാലിറ്റിയിലെ കാക്കനാട് ഡോ. ബി.ആർ. അംബേദ്കർ-അയ്യങ്കാളി തൊഴിൽ പരിശീലന കേന്ദ്രവും നഗരസഭയും നേരിട്ട് സന്ദർശിച്ചന്വേഷിച്ചു.

ഉദ്ദേശം 3 കോടിയോളം രൂപ മുടക്കി തൃക്കാക്കര മുൻസിപ്പാലിറ്റി എസ്.സി.പി ഫണ്ടിൽ പണികഴിപ്പിച്ച കെട്ടിടമാണിത്. 1999-ലാണ് ഉൽഘാടനം ചെയ്തിട്ടുള്ളത്. Cellar, Ground floor, First floor, Second floor, Roof top എന്നിങ്ങനെ ഓരോ നിലയും 1000 ചതുരശ്ര അടി വിസ്തീർണ്ണം വീതമുള്ള കെട്ടിടമാണിത്. അതിൽ സെല്ലാറും റൂഫ് ടോപ്പും കോമൺ ഫെസിലിറ്റിയായിട്ടും gorund, first, second ഫ്ലോറുകൾ എന്നിവ തൊഴിൽ പരിശീലന കേന്ദ്രമായിട്ടുമാണ് നിർമ്മിച്ചിട്ടുള്ളത്.

എന്നാലിപ്പോൾ ground floor ഉം first floor ഉം മാത്രമായിട്ടാണ് നഗരസഭ 2 പട്ടികജാതിക്കാർക്ക് Shopping complex ആയിട്ട് ലേലം ചെയ്ത് നൽകിയിട്ടുള്ളത്. പ്രതിമാസം 54,823/- രൂപാവീതമാണ് ടി 2 നിലകൾക്കും വാടക നിശ്ചയിച്ചിട്ടുള്ളത്. 3 കോടി രൂപയിൽ നിർമ്മിച്ച കെട്ടിടം 2 പേർക്ക് മാത്രമായി നൽകുന്നതിന്റെ വിരോധാഭാസമാണ് പരാതിക്കാരൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്നാൽ കച്ചവടം വളരെ കുറവാണെന്നും ടി വാടക തന്നെ നിലവിൽ നൽകുന്നില്ലായെന്നും, വാടക കുറച്ചുകിട്ടുന്നതിനായി വാടകക്കാർ അപേക്ഷ നൽകിയിരിക്കുന്നതായും, നഗരസഭാ അധികൃതർ അറിയിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് താൽപര്യമുള്ള വ്യക്തികൾക്ക് കെട്ടിടം വാടകയ്ക്ക് നൽകുന്നതിനും, ടി വാടക

ഉപയോഗിച്ച് നിർദ്ദനരായ അഭ്യസ്തവിദ്യരായ പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകാവുന്നതുമാണെന്ന് നഗരസഭയുടെ ബൈലോയിൽ പറയുന്നുമുണ്ട്.

ടി കെട്ടിടം പൂർണ്ണമായും തൊഴിൽ പരിശീലന കേന്ദ്രമാക്കി മാറ്റണമെന്നും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്നതുമാണ് പരാതിക്കാരന്റെ ആവശ്യം. ആദ്യകാലങ്ങളിൽ അവിടെ ചെറിയ തോതിൽ കമ്പ്യൂട്ടർ പരിശീലനം നടന്നിട്ടുള്ളതായറിയുന്നു. എന്നാൽ 2014-ന് ശേഷം പരിശീലന പരിപാടികൾ ഒന്നും തന്നെ നടന്നിട്ടുമില്ല.

കോവിഡ് കടകളുടെ പ്രവർത്തനത്തെ രണ്ടുവർഷത്തോളമായി സാരമായി ബാധിച്ചിട്ടുണ്ട്. ഇനി നഗരസഭയിലെ പട്ടികജാതി വിഭാഗത്തിന് ടി കെട്ടിടം കൂടുതൽ പ്രയോജനകരമാകത്തക്ക വിധത്തിൽ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തൃക്കാക്കര നഗരസഭാ സെക്രട്ടറിയ്ക്കും നഗരസഭാ പട്ടികജാതി വികസന ഓഫീസർക്കും കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുള്ളതായും അറിയിച്ചുകൊള്ളുന്നു.

സെക്ഷൻ ഓഫീസർ